പണിയെടുത്താൽ വിട്ടുപോകാതിരിക്കുന്നതിന് നിയമപരമായ നടപടിയെടുക്കണം എന്നുകൂടി ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ഈ അപ്രോച്ച് റോഡിന് 7 ലക്ഷത്തിന് താഴെ വരുന്ന എസ്റ്റിമേറിനാണ് 1984-ൽ തന്നെ അനുമതി നൽകി, 1985-ൽ ടെൻഡർ വിളിച്ചു. 91 %-ന് എബൗവ് ടെണ്ടർ ആണ് കിട്ടിയത്. വീണ്ടും ടെൻഡർ വിളിച്ചു ആരും ടെൻഡറിനുണ്ടായിരുന്നില്ല. അവസാനം 75 %-ൽ ഒരു ക്വട്ടേഷൻ കിട്ടിയിരിക്കുകയാണ്. ഇത് പരിശോധിച്ചുവരികയാണ്. അതിനു അന്തിമ തീരുമാനമായതിനുശേഷം റോഡിന്റെ പണി ആരംഭിക്കും. മറ്റ് നിർദ്ദേശങ്ങളെല്ലാം പരിശോധിക്കാം.

(21) പെരിയാർ ജലസേചന പദ്ധതിയിൽനിന്നും വെള്ളം ലഭിക്കാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. കെ. മുഹമ്മദാലി : സർ, പെരിയാർവാലി ജലസേചന പദ്ധതി എന്റെ നിയോജകമണ്ഡലമുൾപ്പെടെ എറണാകുളം ജില്ലയിലെ ഭൂരിഭാഗം വരുന്ന കർഷകരുടെ ആശാകേന്ദ്രമാണ്. ഈ പദ്ധതി വളരെ വർഷങ്ങളായി ആരംഭിച്ചിട്ടും ഇന്നും ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടാക്കിയിട്ടുള്ള കനാലിൽകൂടി വെള്ളം ലഭിക്കാത്തതുമൂലവും, ഈ പ്രദേശത്തെ പെരിയാർവാലി ആയക്കട്ട് മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ടും ആ ഭാഗത്ത് മറ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രയോജനം കർഷകർക്ക് ഉപയോഗപ്പെടുത്താൻ പറ്റാത്തതുമൂലവും വളരെയേറെ ഗുരുതരമായ സ്ഥിതിവിശേഷത്തിലാണ് കർഷകർ. ഇടമലയാർ പദ്ധതി തന്നെ ഈ കനാലിൽ വെള്ളം ലഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇന്ന് പെരിയാർവാലി കനാലിൽ നിന്നുള്ള വെള്ളം അമ്പലമേട് വ്യവസായമേഖലയുൾപ്പെടെയുള്ള ഭാഗങ്ങളിൽ കൃഷിക്കാവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നതുമൂലം കൃഷിക്കാർക്ക് വെള്ളം ലഭിക്കാതെ വന്നിരിക്കുകയാണ്. കനാലുകൾ പണിതിട്ടും ആ കനാലിലൂടെ വെള്ളം വരാത്തതുകൊണ്ട് അവിടെ മറ്റു ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാനുള്ള സാഹചര്യമുണ്ടായിട്ടുള്ള ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കുവാൻ ഈ പദ്ധതിയിലൂടെ അവിടെയുള്ള കർഷകർക്ക് അടയന്തിരമായി വെള്ളം ലഭിക്കുവാൻ ജലസേചന വകുപ്പു മന്ത്രി അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) സർ, ഇപ്പോൾ ലോ ലെവൽ കനാലിൽ കൂടി വെള്ളം കൊടുക്കുന്നതിന് പരിമിതിയുണ്ട്. ഇത് പൂർണ്ണമായി പരിഹരിക്കണമെങ്കിൽ ഈ പെരിയാർവാലിയിലെ ഹയർ ലെവൽ കനാൽ പൂർത്തീകരിക്കണം. ഹയർ ലെവൽ കനാൽ ഉടനെ പൂർത്തീകരിക്കണമെങ്കിൽ ഭൂതത്താൻകെട്ടിലെ ജലസംഭരണി പൂർത്തീകരിക്കണം. ജല സംഭരണി പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടികൾക്ക് തടസ്സം വന്നത്, ഹൈക്കോടതിയിൽ അക്വിസിഷൻ പ്രൊസീഡിംഗ്സിനെ സംബന്ധിച്ചുള്ള കേസ് സായിരുന്നു. അതിപ്പോൾ നീങ്ങിയിട്ടുണ്ട്. ഇപ്പോൾ പണികളെല്ലാം ആരംഭിക്കുകയാണ്. ഇപ്പോൾ ഈ സംഭരണിയിൽ നമുക്ക് കുറെയൊക്കെ വെള്ളം നിർത്താൻ കഴിഞ്ഞിട്ടുണ്ട്. സംഭരണിയുടെ പണിയുടനെ തന്നെ പൂർത്തിയാകും. അത് പൂർത്തിയാകുന്നതോടുകൂടി ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകും. ആലുവായിലെ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകുമെന്നുള്ളത് തീർച്ചയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് ശ്രദ്ധയോടുകൂടി നോക്കുന്നതാണ്.

(22) പനയം-കുഴിത്തടം ആദിവാസി കേന്ദ്രങ്ങളിലെ ശുദ്ധജല വിതരണപദ്ധതി

ശ്രീ. തോപ്പിൽ രവി : സർ, കുണ്ടറ നിയോജകമണ്ഡലത്തിലെ പെരിനാട് പഞ്ചായത്തിൽ അവിടത്തെ പനയം, കുഴിത്തടം എന്നീ 2 ഹരിജൻ അധിവാസ കേന്ദ്രങ്ങളെ ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച ശുദ്ധജല പദ്ധതിയാണ് പനയംകുഴിത്തടം പദ്ധതി. 1984-ൽ ഇതാരംഭിച്ചു. 1985 അവസാനമായപ്പോഴേക്കും 17-ലക്ഷം രൂപ ചെലവാക്കി പണിയുന്ന റിസർവോയറിന്റെ പണി പൂർത്തിയായി. 24 കിലോമീറ്റർ പൈപ്പ് ലൈനുകളും സ്ഥാപിച്ചു കഴിഞ്ഞിട്ട് ഒരു വർഷമായി. ചില സ്പെഷ്യൽസും, ചിലതരം ഫൈപ്പുകളും ഇല്ലാത്തതുകൊണ്ടു മാത്രം 18 ലക്ഷം രൂപ ചെലവാക്കി പൂർത്തിയാകാറായി കിടക്കുന്ന ഈ പദ്ധതി ഇപ്പോൾ സ്തംഭിച്ചു കിടക്കുകയാണ്. അത് എത്രയും വേഗം പൂർത്തിയാക്കേണ്ടതുണ്ട്. 24 കിലോമീറ്ററോളം നീളത്തിൽ ആളുകൾക്ക് ശുദ്ധജലം കിട്ടാൻ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച ഈ പദ്ധതി തീരെ ചെറിയ ഒരു തുകയുടെ അപര്യാപ്തതകൊണ്ട് ഇങ്ങനെ മുടങ്ങിക്കിടക്കാൻ അനുവദിക്കുന്നത് വളരെ കുറ്റകരമായ കൃത്യവിലോപമാണ്. അതൊഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി : സർ, ഇത് 16 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി കൊടുത്തത്; 1983-ൽ 5 ലക്ഷം രൂപയുടെ പണി ടെൻഡർ ചെയ്തു, 1984-ൽ പണി ആരംഭിച്ചു. സംഭരണിയുടെ പണി പൂർത്തിയാക്കി. 22 കിലോമീറ്റർ പൈപ്പ് ലൈൻ സിസ്റ്റം പൂർത്തിയാക്കി ഇതിനു പുറമെ ഒരു കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. അതിന്റെ പമ്പ് ഹൗസ്സിന്റെ പണി പൂർത്തിയായിരിക്കുകയാണ്. ഏതാണ്ട് 17 ലക്ഷം രൂപയുടെ പണി ഇതിനോടകം കഴിഞ്ഞു. ഇനി 8 ലക്ഷം രൂപയുടെ പണി കൂടെ നടത്താനുണ്ട്. അത് എത്രയുംവേഗം പൂർത്തിയാക്കാൻ കഴിയും.

(23) ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകത്തിന്റെ പേരിലുള്ള വിവാദം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകം വമ്പിച്ച വാദവിവാദങ്ങളും ഉയർത്തിവിട്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഒരു ന്യൂനപക്ഷ സമുദായമായ ക്രൈസ്തവ സഹോദരൻമാരുടെ മത വികാരങ്ങളെ ആഴത്തിൽ മുറിവേൽപ്പിക്കുകയും അഗാധമായി വേദനപ്പെടുത്തുകയും, ചെയ്ത ഈ നാടകത്തിന്റെ അവതരണത്തിനെതിരെ വമ്പിച്ച പ്രതിഷേധം ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണ്. മത വിശ്വാസം ഓരോരുത്തർക്കുള്ളതും വ്യക്തിപരമായ പ്രശ്നമാണെന്നിരുന്നാലും, ആ വിശ്വാസത്തെ ചോദ്യം ചെയ്യാനോ, അവഹേളിക്കാനോ ഉള്ള നീക്കങ്ങളും നമ്മുടെ സമൂഹത്തിൽ അസ്വസ്ഥതകളും സംഘർഷങ്ങളും ഉണ്ടാക്കും. രാജ്യത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കുന്നതിന് എല്ലാം മറന്ന്

LIBRARY ARCHIVES Kerala Legislative Assembly